# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 1630

04-10-2016-ൽ മറുപടിക്ക്

## ഗ്രാമീണ മേഖലയിൽ സ്റ്റാർട്ട് അപ്പ് സംരംഭങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ.ബി.ഗണേഷ് കുമാർ | | ശ്രീ. ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും വകുപ്പ് മന്ത്രി) | |
| (എ) | ഗ്രാമീണ മേഖലയിൽ 'സ്റ്റാർട്ട് അപ്പ്' സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള എന്തെങ്കിലും പദ്ധതി ആലോചനയിലുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ; | (എ) | ഗ്രാമീണ മേഖലയിൽ സ്റ്റാർട്ട് അപ്പ് സംരംഭകർക്ക് ആവശ്യമായ സഹായങ്ങൾ കെ.എസ്.ഐ.ഡി.സി മുഖേന നൽകി വരുന്നുണ്ട്. സംരംഭകത്വ വികസനവുമായി ബന്ധപ്പെട്ട് സ്റ്റാർട്ട് അപ്പ് സംരംഭകരും, വിദ്യാഭ്യാസ സ്ഥാപനങ്ങളും സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൽ നഗര ഗ്രാമ ഭേദമന്യേ കെ.എസ്.ഐ.ഡി.സി. മുഖേന സഹായങ്ങൾ നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരികയാണ്. |
| (ബി) | സ്റ്റാർട്ട് അപ്പ് സംരംഭങ്ങൾക്ക് എന്തെങ്കിലും സർക്കാർ സഹായങ്ങളോ, പാക്കേജുകളോ ആലോചനയിലുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കാമോ ; | (ബി) | സ്റ്റാർട്ട് അപ്പ് സംരംഭകർക്കായി കെ.എസ്.ഐ.ഡി.സി. മുഖേന സർക്കാർ ലഭ്യമാക്കുന്ന പ്രധാന സഹായങ്ങൾ ചുവടെ ചേർക്കുന്നു:<br>1. ബിസിനസ്സ് ഇൻക്യുബേഷൻ സെന്ററുകൾ സ്ഥാപിക്കുന്നതുവഴി സ്റ്റാർട്ട് അപ്പ് സംരംഭകർക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കൽ<br>2. വിദ്യാർത്ഥി സംരംഭകരുടെ നൂതന ആശയങ്ങളെ പ്രോൽസാഹിപ്പിക്കുന്നതിനായി കോളേജുകൾ/യൂണിവേഴ്സിറ്റികൾ കേന്ദ്രീകരിച്ച് ഇൻക്യുബേഷൻ സെന്ററുകളുടെ നിർമ്മാണം.<br>3. വിദ്യാർത്ഥികളിൽ സംരംഭകത്വ അവബോധം വളർത്തുന്നതിനായി കോളേജുകൾ കേന്ദ്രീകരിച്ച് സെമിനാറുകളും, വർക്ക്ഷോപ്പുകളും സംഘടിപ്പിക്കൽ<br>4. സീഡ് ഫിനാൻസിംഗ് സ്കീം വഴി യുവ/വിദ്യാർത്ഥി സംരംഭകരുടെ നൂതന ആശയങ്ങൾക്ക് സാമ്പത്തിക സഹായം നൽകൽ |

കൂടാതെ സ്റ്റാർട്ടപ്പ് സംരംഭങ്ങൾക്ക് താഴെ പ്രതിപാദിച്ചിരിക്കുന്ന വിവിധ തരം സഹായങ്ങൾ കേരളാ സ്റ്റാർട്ടപ്പ് മിഷനിലൂടെ ലഭ്യമാണ്.

1. നൂതന ആശയവുമായി സമീപിക്കുന്നവർക്ക് പ്രീ-ഇൻക്യുബേഷൻ, ഇൻക്യുബേഷൻ എന്നിവ നൽകുന്നതിനുള്ള സൗകര്യം.
2. ചുരുങ്ങിയ പലിശ നിരക്കിൽ സീഡ് ഫണ്ട് ലഭിക്കുന്നതിനുള്ള സൗകര്യം.
3. ബിസിനസ് വർദ്ധിപ്പിക്കുന്നതിന് സഹായകരമായ ആക്സിലേറ്റർ സൗകര്യം.
4. ഉന്നത നിലവാരമുള്ള സാങ്കേതിക ഉല്പന്നങ്ങൾ ഉൾപ്പെടെ സ്റ്റാർട്ടപ്പ് ബോക്സുകൾ നൽകുന്ന പദ്ധതി.
5. അന്തർദേശീയ പരിപാടികളിലും മറ്റും പങ്കെടുക്കുന്നതിന് സഹായിക്കുന്ന അന്തർദേശീയ വിനിമയ പദ്ധതി.
6. പേറ്റന്റ് രജിസ്റ്റർ ചെയ്യുന്നതിനുള്ള ചെലവ് തിരികെ നൽകുന്ന പദ്ധതി.
7. വിവിധ പരിശീലന കളരികളിലും ചർച്ചകളിലും പങ്കെടുക്കുന്നതിനുള്ള അവസരം.

**(സി)** ഗ്രാമീണ മേഖലയിൽ സ്റ്റാർട്ട് അപ്പ് സംരംഭങ്ങൾ ആരംഭിക്കാനും, വ്യാപിപ്പിക്കാനും തദ്ദേശസ്വയംഭരണ വകുപ്പിന്റേതുൾപ്പെടെയുള്ള സർക്കാർ സംവിധാനങ്ങളുടെ സഹായം വേഗത്തിൽ ലഭ്യമാക്കാനും എന്തെങ്കിലും സർക്കാർ നിർദ്ദേശം നിലവിലുണ്ടോ ; വ്യക്തമാക്കാമോ ?

**(സി)** ഗ്രാമീണ മേഖലയ്ക്കു മാത്രമായി പ്രത്യേക പദ്ധതികൾ / നിർദ്ദേശങ്ങൾ നടപ്പിലാക്കിയിട്ടില്ല.

സെക്ഷൻ ഓഫീസർ